2024
MAY
27
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## കേരളത്തിലെ സൗരോർജ വിപണി ഉഷാറാക്കാൻ അദാനി ഗ്രൂപ്പ്



**തിരുവനന്തപുരം:** സൗരോർജ എനർജിയുടെ അനന്ത സാധ്യതകളും ഭാവിലേക്ക് കൂടുതൽ സൗരോർജ എനർജി ഉത്പാദനരംഗത്ത് സജീവമാകുന്നതിനുമായി അദാനി ഗ്രൂപ്പിൻറെ സോളാർ വിങ് കേരളത്തിൽ സജീവമാകുന്നു. അതിനുവേണ്ടി അദാനി ഗ്രൂപ്പിൻറെ സോളാർ പാനലിൻറെ കേരളത്തിലെ പ്രധാന ഡിസ്ട്രിബ്യൂട്ടർമാരായ അൽമിയ ഗ്രൂപ്പുമായി കരാറിലേർപ്പെട്ടു.

കേരളത്തിൽ ഇത് വരെ 1000 മെഗാവാട്ട് സൗരോർജ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. അതിൽ 225 മെഗാവാട്ട് മാത്രമാണ് പുരപ്പുറ സൗരോർജ പദ്ധതി. അതിൻറെ 50% അദാനി സോളാർ പദ്ധതിയാണ്.

നാളിതുവരെ നടപ്പാക്കിയ 225 മെഗാവാട്ട് പദ്ധതിക്ക് പുറമെ ഈ വരുന്ന ഒരു വർഷം കൊണ്ട് മാത്രം അദാനി സോളാറിൻറെ കീഴിൽ 200 മെഗാവാട്ട് പുരപ്പുറ പദ്ധതി നടപ്പാക്കാനാണ് തീരുമാനമെന്ന് അദാനി സോളാറിൻറെ നാഷണൽ സെയിൽസ് ഹെഡ് സെസിൽ അഗസ്റ്റിൻ പറഞ്ഞു.

2023ൽ മാത്രം 70 മെഗാവാട്ടിൻറെ സൗരോർജ പാനലുകൾ കേരളത്തിൽ സ്ഥാപിക്കാനായി. ആയിരക്കണക്കിന് മെഗാവാട്ടിൻറെ സൗരോർജ വിപണയിൽ കേരളത്തിൽ സാധ്യത ഉണ്ടെന്നത് മുന്നിൽ കണ്ടാണ് അദാനി ഗ്രൂപ്പ് അൽമിയ ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടുന്നത്. 2014ൽ കൊച്ചി ആസ്ഥാനമായ അൽമിയ എൻജിനീയറിംഗ് അദാനി ഗ്രൂപ്പുമായി ചേർന്ന് കൊണ്ട് തമിഴ്നാട്ടിൽ 45 മെഗാവാട്ടിൻറെ പദ്ധതിക്ക് തുടക്കം കുറിക്കുകയായിരുന്നു. തുടർന്ന് 2017ൽ അദാനി ഗ്രൂപ്പിൻറെ സൗരോർജ പദ്ധതികളെ കേരള വിപണിയിൽ എത്തിച്ച അൽമിയ ഗ്രൂപ്പ് തുടർന്ന് സൗരോർജ പദ്ധതികൾ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മുൻപന്തിയിലായിരുന്നു. അനെർട്ട്, കെഎസ്ഇബി, കേരളത്തിലെ സർക്കാർ ഓഫിസുകൾ എന്നിവിടങ്ങളിൽ അദാനിയുടെ സൗരോർജ പാനലുകൾ അൽമിയ വഴി സ്ഥാപിച്ചിരുന്നു.

## അഫ്ഗാനിസ്ഥാനിൽ വെള്ളപ്പൊക്കം: 16 മരണം

**കാബൂൾ:** അഫ്ഗാനിസ്ഥാനിലെ ബഗ്‌ലാൻ, ബദഖ്ഷാൻ പ്രവിശ്യകളിൽ വെള്ളപ്പൊക്കത്തിൽ സ്ത്രീകളും കുട്ടികളുമടക്കം 16 പേർ മരിച്ചു. ഈ പ്രവിശ്യകളിലെ ഉദ്യോഗസ്ഥർ പറയുന്നതനുസരിച്ച്, വെള്ളപ്പൊക്കത്തിൽ 500 വീടുകൾ പൂർണമായോ ഭാഗികമായോ തകർന്നിട്ടുണ്ട്.

ദണ്ഡ്ഇഘോരി, ദോഷി, പുൽ ഇഖുംരി നഗരം, മധ്യ ബദാക്ഷനിലെ മോർച്ചക് ഗ്രാമം, കൂടാതെ ഈ പ്രവിശ്യകളിലെ മറ്റ് പല ഭാഗങ്ങളിലും വെള്ളപ്പൊക്കം ബാധിച്ചതായി പ്രാദേശിക അധികാരികൾ പറഞ്ഞു.



ഇന്നലെ രാത്രി വളരെ ശക്തമായ വെള്ളപ്പൊക്കമുണ്ടായി. ബഗ്‌ലാൻ പ്രവിശ്യയിലെ ദോഷി ജില്ലയിലെ ലാർഖാബ് പ്രദേശത്താണ് വലിയ അപകടങ്ങൾ ഉണ്ടായത്. ലാർഖാബിൽ മൂന്ന് കുട്ടികളും ഒരു സ്ത്രീയും ഉൾപ്പെടെ ആറ് പേർ മരിച്ചു. 300ലധികം വീടുകളും തകർന്നുവെന്ന് താലിബാൻ നിയുക്ത ബഗ്‌ലാൻ പോലീസ് കമാൻഡ് മേധാവി അബ്ദുൾ ഗഫൂർ ഖാദെം പറഞ്ഞു.

വെള്ളപ്പൊക്കത്തിൽ ഒരു കുടുംബത്തിലെ പത്ത് അംഗങ്ങൾക്കും മറ്റൊരാൾക്കും പരിക്കേറ്റതായി താലിബാൻ നിയുക്ത പ്രകൃതി ദുരന്ത നിവാരണ മേധാവി മുഹമ്മദ് കംഗർ പറഞ്ഞു.

## ഇസ്രയേലിലേക്ക് ഹമാസ് ഭീകരരുടെ മിന്നലാക്രമണം

**ടെൽ അവീവ്:** ഇസ്രയേലിനു നേരെ വീണ്ടും ഹമാസ് ഭീകരരുടെ മിന്നലാക്രമണം. ഇസ്രയേലിലെ രണ്ടാമത്തെ വലിയ നഗരമായ ടെൽ അവീവ് ലക്ഷ്യമിട്ട് തെക്കൻ ഗാസ നഗരമായ റഫയിൽ നിന്നാണ് ഹമാസ് ഭീകരർ മിസൈലുകൾ തൊടുത്തത്. എട്ടോളം മിസൈലുകളാണ് തുടരെ തൊടുത്തതെന്നാണ് റിപ്പോർട്ട്.



ടെൽ അവീവിൽ വലിയ മിസൈൽ ആക്രമണം നടത്തിയെന്ന വിവരം ഹമാസ് ഭീകരൻ ഇസദീൻ അൽ ഖസാം ബ്രിഗേഡ്സ് തങ്ങളുടെ ടെലഗ്രാം ചാനലിൽ പങ്കുവച്ചിട്ടുണ്ട്. മിസൈലുകളിൽ പലതിനെയും ഇസ്രയേലി മിസൈൽ പ്രതിരോധ സംവിധാനം തകർത്തതായും അൽജസീറ റിപ്പോർട്ട് ചെയ്യുന്നു.

മിന്നലാക്രമണത്തിൽ വ്യാപാര സമുച്ചയങ്ങൾ നിറഞ്ഞ നഗരത്തിലെ നിരവധി കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതായാണ് വിവരം. ഹെർസ്‌ലിയ, പേറ്റാ ടിക്വ ഉൾപ്പെടെയുള്ള നഗരങ്ങളിൽ നിന്ന് റോക്കറ്റ് സൈറണുകൾ മുഴങ്ങി. നിലവിൽ റഫായിൽ ഇസ്രായേൽ സൈനികനടപടികൾ സ്വീകരിക്കുകയാണ്. സംഭവവുമായി ബന്ധപ്പെട്ട് ആളപായം സ്ഥിരീകരിച്ചിട്ടില്ല.

## തൊഴിലില്ലായ്മ നിരക്കിൽ കേരളം ഒന്നാമത്

**കൊച്ചി:** യുവാക്കളുടെ തൊഴിലില്ലായ്മ നിരക്കിൽ ദേശീയ തലത്തിൽ കേരളം ഒന്നാം സ്ഥാനത്ത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവെ പ്രകാരമാണിത്. 1529 പ്രായക്കാർക്കിടയിലെ നിരക്ക് ഭീകരമായ അവസ്ഥയിലാണ്. ജനുവരിമാർച്ച് പാദത്തിൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 31.8 ശതമാനമാണ്.

ഇക്കാലയളവിൽ ദേശീയ ശരാശരി 17 ശതമാനമാണ്. ദേശീയ ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ കേരളം അപകടനിലയ്ക്കു മുകളിലാണെന്നത് ആശങ്കയേറ്റുന്ന കണക്കാണ്. ദേശീയ തലത്തിൽ തൊട്ടുമുമ്പത്തെ സമാനപാദത്തേക്കാൾ 0.3% നിരക്ക് കുറഞ്ഞുവെന്നത് ആശ്വാസം പകരുന്നത്. എന്നാൽ ഒക്റ്റോബർ നവംബർ പാദത്തിലെ 16.5 ശതമാനത്തേക്കാൾ കൂടിയെന്നത് നേരിയ ആശങ്കയ്ക്കും ഇടയാക്കുന്നുണ്ട്.

പുരുഷന്മാരുടെ വിഭാഗത്തിൽ കേരളത്തിനു പിന്നിൽ രണ്ടാം സ്ഥാനത്തുള്ളത് ജമ്മു കാശ്മീരാണ്, 28.2%. എന്നാൽ ഇവിടെ തൊഴിലില്ലായ്മ നിരക്കിൽ ഓരോ പാദത്തിലും കുറവുണ്ടാകുന്നുവെന്നത്



ശ്രദ്ധേയമാണ്. തെലങ്കാന (26.1%), രാജസ്ഥാൻ (24%), ഒഡീഷ (23.3%) എന്നിങ്ങനെയാണ് തൊഴിലില്ലായ്മ നിരക്ക് കൂടിയ സംസ്ഥാനങ്ങൾ.

ന്യൂഡൽഹിയിലാണ് തൊഴിലില്ലാത്തവരുടെ എണ്ണം തീരെ കുറവ്. 3.1% മാത്രമാണ് രാജ്യതലസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്. ഗുജറാത്ത് (9%), ഹരിയാന (9%), കർണാടക (11.5%), മധ്യപ്രദേശ് (12.1%) എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ.

1529 വിഭാഗത്തിലെ വനിതകളിലും കേരളത്തിൻറെ തൊഴിലില്ലായ്മ നിരക്ക് ഉയർന്ന തലത്തിലാണ്. 46.6 ശതമാനവുമായി പട്ടികയിൽ രണ്ടാം സ്ഥാനം. 48.6 ശതമാനവുമായി ജമ്മുകാശ്മീർ ആണ് ഒന്നാമത്. ജമ്മു കാശ്മീരിൽ വനിതകളിലെ തൊഴിലില്ലായ്മ നിരക്ക് ശ്രദ്ധേയമായ രീതിയിൽ കുറയുന്നുണ്ട്. ഒക്റ്റോബർഡിസംബർ പാദത്തിൽ 51.4 ശതമാനത്തിൽ നിന്ന് 4 ശതമാനത്തോളം കുറഞ്ഞിട്ടുണ്ട്.

ന്യൂഡൽഹിയാണ് വനിതാവിഭാഗത്തിലും മികച്ച പ്രകടനം നടത്തുന്നത്. 5.7 ശതമാനമാണ് ഇവിടുത്തെ തൊഴില്ലായ്മ നിരക്ക്. ഗുജറാത്ത് (10.9%), മധ്യപ്രദേശ് (13.5%), ഹരിയാന (13.9%), കർണാടക (15%) എന്നിങ്ങനെയാണ് ആദ്യ അഞ്ചുസ്ഥാനങ്ങളിലെ അവസ്ഥ. ദേശീയ തലത്തിൽ വനിതകളിൽ തൊഴിലില്ലായ്മ തോത് നാമമാത്രമായി കൂടിയിട്ടുണ്ട്. ഒക്റ്റോബർഡിസംബർ പാദത്തിൽ 22.5 ശതമാനമായിരുന്നത് 22.7 ശതമാനമായിട്ടാണ് ഉയർന്നത്. എന്നാൽ കഴിഞ്ഞ വർഷം ഇതേപാദത്തിലെ 22.9 ശതമാനത്തിൽ നിന്ന് ചെറിയ ആശ്വാസവുമുണ്ട്.



# കിഡ്നി ട്യൂമർ സർജറി: റോബോട്ടിക് അസിസ്റ്റഡ് പാർഷ്യൽ നെഫ്രക്ടമി ഫലപ്രദമെന്ന് പഠനം



**കൊച്ചി:** വൃക്കകളിലുണ്ടാകുന്ന ട്യൂമറുകളുടെ സർജറിയെക്കുറിച്ചുള്ള ഇന്ത്യയിലെ ഏറ്റവും വലിയ കൊളാബറേറ്റീവ് പഠന റിപ്പോർട്ട് ഇൻറ്യൂറ്റീവ് ഇന്ത്യ പുറത്തു വിട്ടു. കിഡ്നി ട്യൂമർ സർജറിയിൽ കിഡ്നി പൂർണമായും നീക്കാതെ റോബോട്ടിക് സർജറിയിലൂടെ ട്യൂമർ ഉള്ള ഭാഗം മാത്രം നീക്കുന്ന റോബോട്ടിക് അസിസ്റ്റഡ് പാർഷ്യൽ നെഫ്രക്ടമി ഫലപ്രദമാണെന്ന് വ്യക്തമാക്കുന്നതായിരുന്നു പഠനം. ഇന്ത്യയിലുടനീളമുള്ള 14 സർക്കാർ-സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളുമായി സഹകരിച്ചാണ് പഠനം നടത്തിയത്. കഴിഞ്ഞ 12 വർഷത്തിനിടെ 800 രോഗികളിൽ നിന്ന് ശേഖരിച്ച കണക്കുകളാണ് ഈ പഠനത്തിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്. ഈ പഠനത്തിൻറെ ഫലപ്രാപ്തി ഏറെ പ്രാധാന്യമർഹിക്കുന്നതാണെന്ന് ഇൻറ്യൂറ്റീവ് ഇന്ത്യ മാർക്കറ്റിംഗ് ഡയറക്ടർ സ്വാതി ഗുപ്ത പറഞ്ഞു. ഇന്ത്യയിൽ റോബോട്ടിക് അസിസ്റ്റഡ് പാർഷ്യൽ നെഫ്രക്ടമിക്ക് വിധേയരാകുന്ന രോഗികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ ഡാവിഞ്ചി സംവിധാനത്തിൻറെ പ്രാധാന്യം ഈ പഠനം വ്യക്തമാക്കുന്നു. മുൻനിരയിലുള്ള സ്ഥാപനങ്ങളുമായും സർജന്മാരുമായും സഹകരിച്ചു നടത്തിയ ഈ പഠനം ഇന്ത്യയിലെ രോഗികളുടെ ചികിത്സയിൽ വിലപ്പെട്ട ഉൾക്കാഴ്ച നല്കുന്നതാണ്. ഇത്തരമൊരു സുപ്രധാന ഗവേഷണത്തിന് സംഭാവന നൽകിയതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്നും അവർ പറഞ്ഞു.

# എസ്.എം.എ. ബാധിച്ച 12 വയസിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യ മരുന്ന് നൽകി

**തിരുവനന്തപുരം:** സ്പൈനൽ മസ്‌ക്യുലാർ അട്രോഫി (എസ്.എം.എ.) ബാധിച്ച 12 വയസിന് താഴെയുള്ള കുട്ടികളിൽ അപേക്ഷിച്ച എല്ലാ കുട്ടികൾക്കും സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതിയിലൂടെ സൗജന്യ മരുന്ന് നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇവർക്കുള്ള തുടർ ചികിത്സയും അടുത്ത ഘട്ടങ്ങളിലേക്കുള്ള സൗജന്യ മരുന്നുകളും നൽകുന്നതാണ്. മുമ്പ് 6 വയസ് വരെയുള്ള കുട്ടികൾക്ക് മാത്രം നൽകിയിരുന്ന മരുന്ന് അടുത്തിടെ 12 വയസ് വരെയാക്കിയിരുന്നു. 6 വയസിന് മുകളിലുള്ള 23 കുട്ടികൾക്ക് മരുന്ന് നൽകി. ഇതുൾപ്പെടെ 12 വയസുവരെയുള്ള ആകെ 80 കുട്ടികൾക്കാണ് ഒരു ഡോസിന് 6 ലക്ഷത്തോളം വിലയുള്ള മരുന്നുകൾ സൗജന്യമായി നൽകിയത്. ലൈസോസോമൽ സ്റ്റോറേജ് രോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് പ്രതിമാസം 20 ലക്ഷം രൂപ വില വരുന്ന മരുന്നുകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇതുകൂടാതെ 50 ലക്ഷത്തോളം രൂപ ചികിത്സാ ചെലവ് വരുന്ന മറ്റ് അപൂർവ രോഗങ്ങൾ ബാധിച്ചവർക്ക് അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായ എസ്.എ.ടി. ആശുപത്രി വഴി മരുന്ന് നൽകി വരുന്നതായും മന്ത്രി പറഞ്ഞു.

അപൂർവരോഗ ചികിത്സയിൽ ഈ സർക്കാർ നിർണായക ചുവടുവയ്പ്പാണ് നടത്തിയത്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് അപൂർവ രോഗത്തിനുള്ള മരുന്നുകൾ സർക്കാർ തലത്തിൽ സൗജന്യമായി നൽകാനാരംഭിച്ചത്. അപൂർവ രോഗങ്ങൾക്ക് സമഗ്ര പരിപാലനം ഉറപ്പുവരുത്താനായി കെയർ പദ്ധതി (ഗ്രഅഞഋ ഉലളലമഹ ഡിശലേ അഴമശിേ ഞമൃല ഉശലെമലെ) സംസ്ഥാനം നടപ്പിലാക്കിയിരുന്നു. ക്രൗഡ് ഫണ്ടിംഗിലൂടെ ഉൾപ്പെടെ ധനസഹായം കണ്ടെത്തി ചികിത്സാ പദ്ധതി വ്യാപിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ രാജ്യത്ത് ആദ്യമായി അപൂർവ രോഗ ചികിത്സയിൽ ഹബ്ബ് ആന്റ് സ്പോക്ക് മാതൃക നടപ്പിലാക്കി.

അപൂർവ രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ആദ്യമായി എസ്.എം.എ. ക്ലിനിക് ആരംഭിച്ചു. എസ്.എം.എ. ബാധിച്ച കുട്ടികളിൽ ഉണ്ടാകുന്ന നട്ടെല്ലിലെ വളവ് പരിഹരിക്കുന്ന അതിനൂതനമായ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിജയകരമായി ആരംഭിച്ചു. ഇതുവരെ 5 ശസ്ത്രക്രിയകളാണ് നടത്തിയത്. സ്വകാര്യ ആശുപത്രികളിൽ 15 ലക്ഷത്തോളം രൂപ ചെലവുള്ള ശസ്ത്രക്രിയയാണ് മെഡിക്കൽ കോളേജുകളിൽ സൗജന്യമായി ചെയ്തു വരുന്നത്. എസ്.എ.ടി. ആശുപത്രിയിൽ ജെനറ്റിക്സ് വിഭാഗം ആരംഭിച്ചു. അപൂർവ രോഗങ്ങളിലെ മികവിന്റെ കേന്ദ്രമായ എസ്എടി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി, ജനിതക രോഗ വിഭാഗം, ശ്വാസ രോഗ വിഭാഗം, ഓർത്തോപീഡിക് വിഭാഗം, ഫിസിക്കൽ മെഡിസിൻ വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം അപൂർവ രോഗം ബാധിച്ചവർക്കായി ഒരു കുടക്കീഴിൽ ലഭ്യമാക്കി.

# സിൽവർജൂബിലി നിറവിൽ വനിതകൾക്ക് സൗജന്യ കോഴ്സുകൾ വാഗ്ദാനം ചെയ്ത് വിദ്യാഭാരതി

**കൊച്ചി:** സിൽവർജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്ത്രീകൾക്കായി സൗജന്യപദ്ധതികൾ പ്രഖ്യാപിച്ച് വിദ്യാഭാരതി. അടുത്ത ഒരു വർഷത്തിനുള്ളിൽ 100 വനിതകൾക്ക് നൈപുണ്യവികസന ഡിപ്ലോമ കോഴ്സും ഡിഗ്രി പൂർത്തിയാക്കാൻ കഴിയാതെ പോയ 30 വനിതകൾക്ക് സ്കിൽ ഡെവലപ്മെന്റോടുകൂടിയ ഡിഗ്രി കോഴ്സും സൗജന്യമായി നൽകുമെന്ന് വിദ്യാഭാരതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചീഫ് പാട്രൺ അറിയിച്ചു. കൂടാതെ 250 സ്ത്രീകൾക്ക് കുടനിർമ്മാണത്തിനുള്ള പരിശീലനവും സൗജന്യമായി നൽകും. കളമശ്ശേരി ഏലൂർ മുൻസിപ്പാലിറ്റിയുടെ പരിധിയിലുള്ള സ്ത്രീകൾക്കാണ് അവസരം നൽകുക. എൻ എ എം കെ ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് വിദ്യാഭാരതി പദ്ധതി നടപ്പിലാക്കുക. സാമൂഹ്യപ്രതിബദ്ധത കാത്തുസൂക്ഷിക്കുന്നതിൽ എക്കാലവും മുൻപന്തിയിലുള്ള വിദ്യാഭാരതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ സിൽവർജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് വനിതാശാക്തീകരണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മുൻചീഫ് സെക്രട്ടറി ജിജി തോംസൺ ഐഎഎസ് സിൽവർജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. മുൻ ഷിപ്പിംഗ് സെക്രട്ടറി കെ. മോഹൻദാസ് ഐഎഎസ്, ഐഎസ്ആർഒ മുൻ ഡയറക്ടർ ഡോ. എം.എസ്.ആർ ദേവ്, സെബാസ്റ്റ്യൻപോൾ സംസാരിച്ചു.

# ഈജി പിഎം ഓയിൽ ലൂബ്രിക്കേറ്റഡ് കംപ്രസ്സറുകൾ പുറത്തിറക്കി




**കൊച്ചി:** മുൻനിര എയർ കംപ്രസർ നിർമ്മാതാക്കളായ എൽജി എക്വിപ്മെന്റ്സ് ഈജി പിഎം (പെർമനന്റ് മാഗ്നറ്റ്) ഓയിൽ ലൂബ്രിക്കേറ്റഡ് സ്ക്രൂ എയർ കംപ്രസ്സറുകൾ അവതരിപ്പിച്ചു. 11 മുതൽ 45 വരെ കിലോവാട്ടിൽ ലഭ്യമാകുന്ന ഇവ ഉപഭോക്താവിന് 15 ശതമാനത്തിലധികം ഉയർന്ന കാര്യക്ഷമത പ്രദാനം ചെയ്യുന്നു. 80 ശതമാനം ലോഡ് കപ്പാസിറ്റിയ്ക്ക് താഴെ പ്രവർത്തിക്കുന്ന മറ്റ് കംപ്രസ്സറുകളിൽ നിന്ന് വിഭിന്നമായി 100 ശതമാനം ലോഡ് അവസ്ഥയിലും ഗണ്യമായ പ്രകടനമാണ് ഇതിന്റെ സവിശേഷത. കരുത്താർന്ന പ്രകടനവും ഊർജ്ജ കാര്യക്ഷമതയും ലഭ്യമാക്കും വിധമാണ് ഈജി പിഎം സീരീസ് തയ്യാറാക്കിയിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. എയർ എൻഡിന് 10 വർഷവും മറ്റ് കംപ്രസർ ഘടകങ്ങൾക്ക് അഞ്ച് വർഷവും വാറന്റിയുണ്ട്. വിഎഫ്ഡിയ്ക്ക് മൂന്ന് വർഷവും ഇലക്ട്രിക്കൽ, റബ്ബർ ഭാഗങ്ങൾക്ക് ഒരു വർഷവും വാറന്റി ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# കളർ പെൻസിലുകളുടെ പുതിയ ശ്രേണിയുമായി അപ്സര പെൻസിൽസ്

**കൊച്ചി:** ഹിന്ദുസ്ഥാൻ പെൻസിലുകൾ', ഉയർന്ന നിലവാരമുള്ള കളർ പെൻസിലുകളുടെ ഒരു പുതിയ കളക്ഷൻ പുറത്തിറക്കി. അസാധാരണമായ മിനുസമാർന്ന കളറിംഗ് ഉറപ്പാക്കുന്നതോടൊപ്പം ഉജ്ജ്വലവും ശ്രദ്ധേയവുമായ സ്ട്രോക്കുകൾ സൃഷ്ടിക്കുവാനും പുതിയ അപ്സര കളർ പെൻസിലുകളിലൂടെ സാധിക്കും. ഉയർന്ന നിലവാരമുള്ള മെറ്റീരിയൽ കൊണ്ടു നിർമ്മിച്ചിട്ടുള്ള അപ്സര കളർ പെൻസിലുകൾ കൊണ്ട് ഉയർന്ന വർണ്ണ തീവ്രത നൽകുന്ന മികച്ചതായ വർണ്ണസംയോജനം സൃഷ്ടിക്കാൻ സാധിക്കും.5 മുതൽ 10 വയസ്സുവരെയുള്ള കുട്ടികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ കളർ പെൻസിലുകൾ ആസ്വാദ്യകരമായ കളറിംഗ് എക്സ്പെരിയെൻസ് നൽകുന്നു. കൂടാതെ, പെൻസിലുകളുടെ അറ്റം പൂർണമൂർച്ചയിലെത്തിക്കാനായി സൂക്ഷ്മമായി, പ്രത്യേക രൂപകൽപ്പന ചെയ്ത കളർപെൻസിൽ ഷാർപ്നർ , ഓരോ പായ്ക്കിലും ലഭ്യമാണെന്ന് ഹിന്ദുസ്ഥാൻ പെൻസിൽസ് പ്രസിഡന്റ് പ്രദീപ് ഉഗാഡെ പറഞ്ഞു.

അപ്സര കളർ പെൻസിലുകൾ 2024 മെയ് മുതൽ ഓൺലൈൻ സ്റ്റോറുകളിലും റീട്ടെയിൽ സ്റ്റോറുകളിലും ലഭ്യമാകുമെന്നും പ്രദീപ് ഉഗാഡെ വ്യക്തമാക്കി.



സെമിനാർ വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. കെ. മുത്തുലക്ഷ്മി, പ്രൊഫ. പി. സി. മുരളീമാധവൻ, ഡോ. വി. കെ. ഭവാനി, പ്രൊഫ. എസ്. ഗീതാമണിയമ്മ, പ്രൊഫ. കെ. യമുന എന്നിവർ സമീപം.

# സംസ്കൃത സർവ്വകലാശാലയിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല വേദാന്ത വിഭാഗത്തിൽ നിന്നും വിരമിക്കുന്ന മുൻ വകുപ്പ് അധ്യക്ഷയും ഡീനുമായ പ്രൊഫ. കെ. മുത്തുലക്ഷ്മിയോടുള്ള ആദരണാർത്ഥം ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി. സി. മുരളീമാധവൻ മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. എസ്. ഗീതാമണിയമ്മ അധ്യക്ഷയായി. പ്രൊഫ. ജി. നാരായണൻ, പ്രൊഫ. വി. വസന്തകുമാരി, പ്രൊഫ. എസ്. ഷീബ, പ്രൊഫ. കെ. യമുന, ഡോ. വി. കെ. ഭവാനി എന്നിവർ പ്രസംഗിച്ചു.

സെമിനാറിൽ 'വിവർത്തനവും വ്യാഖ്യാനവും പരിമിതികൾ, വ്യാപ്തികൾ, സാംസ്കാരിക വിവക്ഷകൾ' എന്ന വിഷയത്തിൽ പ്രൊഫ. സി. എം. നീലകണ്ഠനും 'വിവർത്തനത്തിന്റെ സാംസ്കാരിക വിവക്ഷകൾ: നൈഷധ വിവർത്തനം മുൻ നിർത്തി ഒരു ആലോചന' എന്ന വിഷയത്തിൽ പ്രൊഫ. എൻ. അജയകുമാറും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.






# കൊച്ചി ബിനാലെ പ്രതിസന്ധിയിൽ

**മട്ടാഞ്ചേരി:** കൊച്ചി ബിനാലെയുടെ മുഖ്യ വേദിയായ ഫോർട്ട് കൊച്ചിയിലെ ആസ്പിൻ വാൾ ഹൗസ് തീര രക്ഷാ സേന ഏറ്റെടുക്കുന്നു. ഇതോടെ ഈ വർഷം നടക്കേണ്ട കൊച്ചി ബിനാലെയുടെ ആറാം പതിപ്പ് പ്രതിസന്ധിയിലാകും. റിയൽ എസ്റ്റേറ്റ് രംഗത്തെ വമ്പൻമാരായ ഡിഎൽഎഫിൻറെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഇന്ത്യൻ തീര രക്ഷാ സേനയ്ക്കു കൈമാറിയത്.

ഇതിനോടു ചേർന്ന് 1.29 ഏക്കർ സർക്കാർ ഭൂമിയുണ്ട്. കൈമാറ്റത്തിൻറെ ഭാഗമായി ഡിഎൽഎഫ് ഭൂമി അതിരു കെട്ടി തിരിച്ചിട്ടുണ്ട്. കൊച്ചി തീരത്തെ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിൻറെ ഭാഗമായാണ് തീര രക്ഷാസേന ഭൂമി വാങ്ങുന്നത്. നേരത്തേ പ്രദേശത്ത് വേറെയും ഭൂമി വാങ്ങിയിരുന്നു.

2018ൽ ബിനാലെയ്ക്ക് സ്ഥിരം വേദിയുണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചിരുന്നെങ്കിലും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതേസമയം കൊച്ചി ബിനാലെ അടുത്ത വർഷം നടത്തുമെന്നാണ് സംഘാടകർ പറയുന്നത്. ആസ്പിൻ വാൾ കെട്ടിടം കോസ്റ്റ് ഗാർഡ് വാങ്ങുന്നത് കൊച്ചിയിലെ സാംസ്കാരിക ടൂറിസം രംഗത്തിന് കനത്ത നഷ്ടമായി മാറുമെന്നും, ബിനാലെ കൊച്ചിയിൽ തുടരുന്നതിനു വേണ്ടുന്ന സൗകര്യങ്ങൾ സജ്ജമാക്കാൻ ഇടപെട്ട് പ്രവർത്തിക്കുമെന്നും കെ.ജെ. മാക്സി എംഎൽഎ പറഞ്ഞു.

2012ൽ തുടക്കം കുറിച്ച കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം എഡിഷനാണ് ഈ വർഷം നടക്കേണ്ടത്. ഇന്ത്യയിലെ ഒന്നാം നിര അന്താരാഷ്ട്ര കലാപ്രദർശനമേളയായ ബിനാലെ വിദേശികളടക്കം ലക്ഷക്കണക്കിനു സന്ദർശകരെ ആകർഷിക്കുന്നതാണ്.

വെനീസ് ബിനാലെ മാതൃകയിൽ 2012 ഡിസംബർ 12ന് തുടങ്ങി രണ്ടു വർഷത്തെ ഇടവേളയിലാണ് വൈവിധ്യമാർന്ന ഇൻസ്റ്റലേഷനുകൾ ഇവിടെ പ്രദർശിപ്പിക്കുന്നത്. ഇൻസ്റ്റലേഷനുകൾ കൂടാതെ, കൊച്ചി ബിനാലെ ഫൗണ്ടേഷൻറെ നേതൃത്വത്തിൽ സിനിമ, ശിൽപ്പം, പെയ്ൻറിങ്, നവമാധ്യമങ്ങൾ, പ്രകടന കലകൾ എന്നിവയും പ്രദർശനത്തിനുണ്ടാകാറുണ്ട്. 2012ൽ 14 ഗാലറികളിലായി തുടങ്ങിയ ബിനാലെയിൽ സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി ഇതിനകം നാനൂറിലധികം കലാ പ്രവർത്തകരുടെ സൃഷ്ടികൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ശരാശരി 20 കോടി രൂപയാണ് ബിനാലെ നടത്തിപ്പിനുള്ള ചെലവ് കണക്കാക്കുന്നത്. ഇതിൽ അഞ്ച് കോടി രൂപയാണ് സംസ്ഥാന സർക്കാർ വിഹിതം. ഇതിനിടെ ബിനാലെ നടത്തിപ്പിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഒരുവിഭാഗം മുഖ്യമന്ത്രിക്ക് പരാതിയും നൽകിയിട്ടുണ്ട്.

# തീവ്രാസക്തി ജ്വലിപ്പിച്ച് 'ജ്വാലാമുഖി'

**കൊച്ചി:** തീവ്രാസക്തി എരിയിച്ചു ഐതിഹ്യാഖ്യാനം 'ജ്വാലാമുഖി' എറണാകുളം ടിഡിഎം ഹാളിൽ അരങ്ങേറി. നർത്തകി അഡ്വ. പാർവ്വതി മേനോൻ ആശയവും സൃഷ്ടിയും നിർവ്വഹിച്ച ഏകാംഗ കുച്ചിപ്പുടി ഡ്രാമയായ 'ജ്വാലാമുഖി'യിൽ ശിവ പുരാണത്തിലെ സതി പ്രമേയമായി.

അഡ്വ. പാർവ്വതി അവതരിപ്പിച്ച വേറിട്ട കൃതിയായി 'ജ്വാലാമുഖി'. കുച്ചിപ്പുടിയുടെ സമസ്ത തലങ്ങളും ഉൾക്കൊണ്ട സംവേദനാത്മക കൊറിയോഗ്രാഫിയിൽ നർത്തകി തന്നെ അപൂർവ്വമായ വാചിക അഭിനയം അവതരിപ്പിച്ചു. ഇത് കുച്ചിപ്പുടിയുടെ അപൂർവ്വ ചാരുതയൊരുക്കി.

ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി മേനോന്റെയും അഭിഭാഷക മീര മേനോന്റെയും മകളാണ് മൂന്നു വയസുമുതൽ നൃത്തം അഭ്യസിക്കുന്ന പർവ്വതി മേനോൻ.

സംഗീതം ഒരുക്കിയത് ബിജീഷ് കൃഷ്ണ. താളരചന കലാമണ്ഡലം ചാരുദത്തും ആർഎൽവി ഹേമന്ത് ലക്ഷ്മണും. എട്ട് അംഗങ്ങൾ ഉൾപ്പെടുന്ന ലൈവ് ഓർക്കസ്ട്രയിലായിരുന്നു 'ജ്വാലാമുഖി' അവതരണം.

കുച്ചിപ്പുടി നർത്തകി അഡ്വ. പാർവ്വതി മേനോൻ കലാമണ്ഡലം മോഹനതുളസിയുടെയും കലാരത്ന എ ബി ബാലകൊണ്ടല റാവു എന്നിവരുടെ ശിഷ്യയാണ്. ഗണിതശാസ്ത്രത്തിൽ ബിരുദധാരിയായ പാർവ്വതി കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. ബിരുദാനന്തര ബിരുദത്തിന് തയ്യാറെടുക്കുകയമാണ്. കുച്ചിപ്പുടിയിൽ ഡിപ്ലോമയും നേടിയ പാർവതി യുവകലാകാരന്മാർക്കുള്ള സിസിആർടി സ്കോളർഷിപ്പിന് അർഹയാണ്. നിലവിൽ പദ്മവിഭൂഷൺ ഡോ. പദ്മസുബ്രഹ്മണ്യത്തിന്റെ കീഴിൽ കരണങ്ങൾ അഭ്യസിക്കുന്നു.

സതിയുടേത് പോലെ ശക്തമത്തായ വേഷം 'ജ്വാലാമുഖി'യിൽ അവതരിപ്പിക്കാനായതിൽ അതീവചാരിതാർഥ്യം ഉണ്ടെന്നു പാർവ്വതി പറഞ്ഞു. ഭരതനാട്യത്തിൽ തുടങ്ങിയ പാർവ്വതിയുടെ താത്പര്യം പിന്നീട് കുച്ചിപ്പുടിയിലേക്ക് മാറുകയായിരുന്നു. കുച്ചിപ്പുടിക്ക് തനത് തലങ്ങളും ഘടനയുമുണ്ട്. അഭിനയത്തോട് ഇഷ്ടമുള്ളതിനാൽ അതിനവസരവും കുച്ചിപ്പുടി ഒരുക്കുന്നുണ്ടെന്നും അഡ്വ. പാർവ്വതി മേനോൻ അഭിപ്രായപ്പെട്ടു.

# സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം സഹകരണ പരിശീലന കേന്ദ്രത്തിൽ 202425 വർഷത്തിലെ ജൂനിയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ കോഴ്സിൽ സ്പോട്ട് അഡ്മിഷൻ നടത്തും. തിരുവനന്തപുരം സഹകരണ പരിശീലന കേന്ദ്രത്തിൽ (കുറവൻകോണം) 29ന് രാവിലെ 10.30 മുതലാണ് അഡ്മിഷൻ. താത്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റ് (എസ്.എസ്.എൽ.സി), ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ, ഫീസ് എന്നിവ സഹിതം എത്തണം. ഫോൺ: 9400666950, 8281089439.

# നാഷണൽ ലോക് അദാലത്ത് 8ന്

**കണ്ണൂർ:** ലീഗൽ സർവീസസ് അതോറിറ്റിയുടെയും തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ എട്ടിന് രാവിലെ 10 മണി മുതൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ, പയ്യന്നൂർ, കൂത്തുപറമ്പ്, മട്ടന്നൂർ എന്നിവിടങ്ങളിലെ കോടതി സമുച്ചയങ്ങളിൽ അദാലത്ത് നടത്തുന്നു.

ജില്ലയിലെ വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്നതും നിലവിലുള്ളതുമായ സിവിൽ കേസുകൾ, ഒത്തുതീർപ്പാക്കാൻ പറ്റുന്ന ക്രിമിനൽ കേസുകൾ, വാഹന അപടക നഷ്ടപരിഹാര കേസുകൾ, ബാങ്ക് കേസുകൾ, സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട കേസുകൾ എന്നിവയും കോടതികളിൽ നിലവിലില്ലാത്ത കാനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുമായി ബന്ധപ്പെട്ട പരാതികളുമാണ് അദാലത്തിൽ പരിഗണിക്കുക. എല്ലാ മജിസ്ട്രേറ്റ് കോടതികളിലും സ്പെഷ്യൽ സിറ്റിങ്ങും ഉണ്ടായിരിക്കും. പിഴയടച്ച് തീർപ്പാക്കാവുന്ന കുറ്റങ്ങൾക്ക് കക്ഷികൾക്ക് നേരിട്ടോ വക്കീൽ മുഖേനയോ പിഴയടച്ച് കേസ് അവസാനിപ്പിക്കാനും അവസരമുണ്ടായിരിക്കും. ലീഗൽ സർവീസസ് അതോറിറ്റിയുടെ അറിയിപ്പ് ലഭിച്ചവർ അറിയിപ്പുമായി കൃത്യസമയത്ത് ജില്ലാ കോടതി പരിസരത്ത് എത്തണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: 0490 2344666.



# സംസ്കൃത സർവ്വകലാശാലയിൽ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പിയിൽ ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കാം

**ജലീഷ് പീറ്റർ**

ഒന്നാന്തരം സ്പാ ഇഷ്ടപ്പെടാത്തവരുണ്ടോ? ഇക്കാലത്തു വേറെന്ത് കാര്യവും ചെയ്യുന്നതുപോലെ തന്നെ സാധാരണമായ ഒന്നായി സ്പാ മാറിക്കഴിഞ്ഞു. എന്നാൽ സ്പായെ അസാധാരണമാക്കുന്നത് എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? തിരക്കുകളുടേതും ടെൻഷന്റേതുമായ ഇന്നത്തെ ലോകത്തിൽ മാനസികമായും ശാരീരികമായും ആശ്വാസവും റിലാക്സേഷനും നൽകുക അത്യാവശ്യമാണ്. മനസ്സിനും ശരീരത്തിനും വിവിധ മസാജുകളിലൂടെയും തെറാപ്പികളിലൂടെയും ആ കുളിർമ്മ പ്രദാനം ചെയ്ത്, വ്യക്തികളെ ഉന്മേഷഭരിതരാക്കുവാൻ ഒരു നല്ല സ്പായ്ക്ക് സാധിക്കും. ജോലിയിലെ സമ്മർദ്ദങ്ങളും ജീവിതത്തിലെ പ്രശ്നങ്ങളും കടമ്പകളും കടമകളും തിരക്കുകളും മറന്ന് സമാധാനം ആസ്വദിക്കുവാൻ കഴിയുന്ന അന്തരീക്ഷം ഒരുക്കുക എന്നതാണ് സ്പായുടെ പ്രധാന ലക്ഷ്യം.

**ഇന്ത്യയിൽ ആദ്യം**

സംസ്കൃത ഭാഷയുടെ ശുദ്ധിയും ആയുർവേദത്തിലെ പഞ്ചകർമ്മയുടെ ഔഷധഗന്ധവും സ്പാ മാനേജ്മെന്റിന്റെ വൈദഗ്ധ്യവും ഒരുമിച്ച് ചേർന്ന ഒരു കോഴ്സ്. വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സ്വന്തം ആയുർവേദവും പാശ്ചാത്യ സുഖചികിത്സാ സമ്പ്രദായമായ സ്പാ തെറാപ്പിയും ഒരു ക്ലാസ് മുറിയിൽ ഒരുമിക്കുന്നതിന്റെ അപൂർവ്വത. ആയുർവ്വേദ ടൂറിസം രംഗത്ത് തൊഴിൽ സാധ്യതയേറിയ കോഴ്സുമായി രാജ്യത്ത് ഒരു സർവ്വകലാശാല എത്തുന്നത് ഇദം പ്രഥമമാണ്. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഏറ്റുമാനൂർ പ്രാദേശിക ക്യാമ്പസിൽ 2016ൽ ആരംഭിച്ച ഈ കോഴ്സ് അറിയപ്പെടുന്നത് ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇൻറർനാഷണൽ സ്പാ തെറാപ്പി എന്നാണ്. ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇൻറർനാഷണൽ സ്പാ തെറാപ്പി പൂർണ്ണമായും ഒരു പ്രൊഫഷണൽ ഡിപ്ലോമ കോഴ്സാണ്. ഈ കോഴ്സ് പഠിച്ചിറങ്ങിയവർക്കെല്ലാം തന്നെ പ്രമുഖ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റും ലഭിക്കുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സർവ്വകലാശാലയക്ക് കീഴിൽ ആരോഗ്യ ടൂറിസത്തെ മുൻനിർത്തിയുള്ള തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കുന്നത്. ഡിപ്ലോമ കോഴ്സിൻറെ ഒൻപതാമത്തെ ബാച്ചിലേയ്ക്കാണ് സർവ്വകലാശാല ഇപ്പോൾ പ്രവേശന വിജ്ഞാപനം നടത്തിയിരിക്കുന്നത്. ഏറ്റുമാനൂർ പ്രാദേശിക ക്യാമ്പസിലാണ് ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി ഡിപ്ലോമ പ്രോഗ്രാം നടത്തുന്നത്.



**പഠിച്ചിറങ്ങിയാലുടൻ ജോലി**

ആയുർവേദ പഞ്ചകർമ്മയിൽ അധിഷ്ഠിതമായ ഇൻറർനാഷണൽ സ്പാ തെറാപ്പി കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ കാത്തിരിക്കുന്നത് സ്വദേശത്തും വിദേശത്തും അനന്ത തൊഴിൽ സാധ്യതകളാണ്. ഇതുവരെ പഠിച്ചിറങ്ങിയ എല്ലാ ബിരുദ വിദ്യാർത്ഥികൾക്കും ടൂറിസം രംഗത്തെ പ്രമുഖ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെൻറ് ലഭിച്ചു കഴിഞ്ഞു.

**പാഠ്യപദ്ധതിയും ഇൻറർനാഷണൽ തന്നെ**

ആയുർവേദ പഞ്ചകർമ്മ, സ്പാ തെറാപ്പി എന്നിവയുമായി ബന്ധപ്പെട്ട തിയറി, പ്രായോഗിക പരിശീലനങ്ങളാണ് കോഴ്സിന്റെ പ്രധാന ആകർഷണം. ആയുർവ്വേദത്തിൻറെ അടിസ്ഥാന സിദ്ധാന്തങ്ങൾ, അനാട്ടമി ആൻഡ് ഫിസിയോളജി, ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ, വിവിധ സ്പാ തെറാപ്പികൾ എന്നിവയാണ് ഈ കോഴ്സിൽ പ്രധാനമായും പഠിപ്പിക്കുന്നത്. രണ്ട് സെമസ്റ്ററുകൾ ദൈർഘ്യമുള്ള ഈ ഒരു വർഷ ഡിപ്ലോമ കോഴ്സിലെ ആദ്യ സെമസ്റ്റർ തിയറിയും പ്രാക്ടിക്കലും ചേർന്നുള്ള പഠനമായിരിക്കും. രണ്ടാം സെമസ്റ്ററിലെ മൂന്നു മാസം പ്രമുഖ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഉണ്ടായിരിക്കും.

ആയുർവേദ പഞ്ചകർമ്മ: പഞ്ചകർമ്മ ചികിത്സയുമായി ബന്ധപ്പെട്ട തിയറി, പ്രായോഗിക പരിശീലനങ്ങളാണ് കോഴ്സിൽ നൽകുന്നത്. ആയുർവേദ ഡോക്ടർമാരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിലാണ് അദ്ധ്യാപനം. കേരളത്തിൻറെ തനത് ആരോഗ്യ സംരക്ഷണ ചികിത്സകളായ കിഴി, പിഴിച്ചിൽ, ധാര, ഉഴിച്ചിൽ, സ്വേദനം, ലേപനം തുടങ്ങിയവയിലും പരിശീലനം നൽകുന്നു.

**സ്പാ തെറാപ്പി:** സ്പാ തെറാപ്പിയിൽ പ്രായോഗിക പരിശീലനം നൽകാൻ വിദഗ്ധ അദ്ധ്യാപകർ എത്തുന്നു. തിയറി ക്ലാസ്സുകൾ ആയുർവ്വേദ അദ്ധ്യാപകർ നയിക്കുന്നു. അരോമ തെറാപ്പി, സ്വീഡിഷ് മസ്സാജ്, തായ് മസ്സാജ്, ഹോട്ട് സ്റ്റോൺ മസ്സാജ്, റിഫ്ലെക്സോളജി എന്നിവയിലാണ് പ്രായോഗിക പരിശീലനം.

പ്രായോഗിക പരിശീലനത്തിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സൗകര്യങ്ങളുണ്ട്. അടിസ്ഥാന തത്ത്വങ്ങളിലും പ്രായോഗിക രീതികളിലും സമാനതയുള്ള പഞ്ചകർമ്മ, സ്പാ ചികിത്സാ രീതികൾ സമന്വയിപ്പിച്ചുള്ള പാഠ്യക്രമം കോഴ്സിൻറെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നു. രാജ്യത്തിനകത്തും വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ മുന്നിൽക്കണ്ട് ഇംഗ്ലീഷ് ഭാഷാപഠനത്തിനും വ്യക്തിത്വ വികസനത്തിനും കോഴ്സിൽ പ്രാധാന്യം നൽകുന്നുണ്ട്.

**സ്റ്റൈപ്പൻഡോടെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്**

സ്റ്റൈപ്പൻഡോടെയുള്ള മൂന്ന് മാസത്തെ റസിഡൻഷ്യൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കോഴ്സിൻറെ ഭാഗമാണ്. ഇൻഡസ്ട്രിയൽ ട്രെയിനിംഗിൽ താമസവും ഭക്ഷണവും സൗജന്യമാണ്. ഗ്രാൻഡ് ഹയാത്ത് (കൊച്ചി), നിരാമയ റിട്രീറ്റ്സ് (കുമരകം, പൂവാർ), ദി ലളിത് റിസോർട്ട്സ് (ബേക്കൽ), ക്ലബ് മഹീന്ദ്ര, കൊച്ചി മാരിയറ്റ്, അമൻബാഗ് (രാജസ്ഥാൻ), ലീല (ഗോവ), മൂന്നാർ ഓഷ്യാന, കോവളം സൂര്യ സമുദ്ര, താമര (ആലപ്പുഴ, കൊടൈക്കനാൽ) എന്നിവിടങ്ങളിലായിരുന്നു കഴിഞ്ഞ വർഷങ്ങളിൽ റസിഡൻഷ്യൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് നടന്നത്.

**യോഗ്യത**

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കണ്ടറി അഥവാ തത്തുല്ല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് (രണ്ട് വർഷം) അപേക്ഷിക്കാം. ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാല ബിരുദം നേടിയവർക്കും ഡിപ്ലോമ പ്രോഗ്രാമിലേക്ക് അപേക്ഷിക്കാവുന്നതാണ്. യോഗ്യത പരീക്ഷയുടെ മാർക്ക്, ശാരീരിക ക്ഷമത, അഭിമുഖം എന്നിവയ്ക്ക് ലഭിച്ച മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. ആകെ സീറ്റുകൾ 20. പ്രായം വിജ്ഞാപന തീയതിക്കനുസൃതമായി 17നും 30നും ഇടയിലായിരിക്കണം.

**അപേക്ഷ എങ്ങനെ?**

സർവ്വകലാശാല വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫീസ് 200/ രൂപ (എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് 100/ രൂപ). പ്രൊസ്പെക്ടസ് സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഓൺലൈൻ അപേക്ഷകൾ ജൂൺ എഴ് വരെ

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ എഴ്. വിശദ വിവരങ്ങൾക്കും പ്രോസ്പക്ടസിനും ഓൺലൈനായി അപേക്ഷിക്കുവാനുമായി www.ssus.ac.in സന്ദർശിക്കുക.

## അറിയിപ്പുകൾ

### ഐഎച്ച്ആർഡി കോളേജുകളിൽ ഡിഗ്രി ഓണേഴ്സ് പ്രവേശനം

**കണ്ണൂർ:** ഐഎച്ച്ആർഡിയുടെ കീഴിൽ കാലിക്കറ്റ് സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് 202425 അധ്യയന വർഷത്തിൽ ഡിഗ്രി ഓണേഴ്സ് പ്രോഗ്രാമുകളിൽ കോളേജുകൾക്ക് നേരിട്ട് പ്രവേശനം നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. www.ihrd-adm-issions.org വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും, 750 രൂപ (എസ് സി, എസ് ടി 250രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം കോളേജിൽ അഡ്മിഷൻ സമയത്ത് കൊണ്ടുവരണം. വിശദ വിവരങ്ങൾ ൦൦൦.ശവൃറ.മര.ശി ൽ ലഭിക്കും.

### പ്രവേശനം തുടങ്ങി

**കണ്ണൂർ:** കെൽട്രോണിന്റെ തലശ്ശേരി നോളജ് സെന്ററിൽ ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ് കോഴ്സിലേക്ക് പ്രവേശനം തുടങ്ങി. യോഗ്യത പ്ലസ്ടു. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകുക. ഫോൺ: 0490 2321888, 9400096100.

### സ്വയംതൊഴിൽ വായ്പ

**കണ്ണൂർ:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം സ്വയംതൊഴിൽ തുടങ്ങുവാൻ ആഗ്രഹിക്കുന്ന തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 21 മുതൽ 45 വയസ് വരെ പ്രായമുള്ളവരും വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കവിയാത്തവരുമായവർക്ക് അപേക്ഷിക്കാം. 25 ശതമാനം സബ്സിഡിയോടു കൂടി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. അപേക്ഷാ ഫോറം തലശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലഭിക്കും. ഫോൺ: 0490 2327923.

### സീറ്റ് ഒഴിവ്

**കണ്ണൂർ:** കണ്ണൂർ സഹകരണ പരിശീലന കേന്ദ്രത്തിൽ 2024 25 വർഷത്തെ ജെ ഡി സി കോഴ്സിന് ഒഴിവുള്ള സീറ്റുകളിലേക്ക് മെയ് 28ന് രാവിലെ 10 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. താൽപര്യമുള്ളവർ എസ് എസ് എൽ സി സർട്ടിഫിക്കറ്റ്, ടി സി, ഫീസ് എന്നിവ സഹിതം ഹാജരാകണം. ഫോൺ: 0497 2706790, 9747541481, 9497859272.

### സോളാർ ടെക്നീഷ്യൻ കോഴ്സ്

**കണ്ണൂർ:** കണ്ണൂർ ഗവ.എഞ്ചിനീയറിങ് കോളേജിന്റെ ഇൻഡസ്ട്രിയൽ ട്രെയിനിങ് കൺസൾട്ടൻസി ആന്റ് സ്പോൺസേർഡ് റിസർച്ചിന്റെ കീഴിൽ ജൂണിൽ തുടങ്ങുന്ന സോളാർ ടെക്നീഷ്യൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി പാസായവർക്ക് അപേക്ഷിക്കാം. ജൂൺ 23 വരെ അപേക്ഷ സ്വീകരിക്കും. ഫോൺ: 8921278782, 9446680061, 9495241299.

### അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** കണ്ണൂർ ഗവ.ഐ ടി ഐയും ഐ എം സിയും സംയുക്തമായി നടത്തുന്ന വെൽഡർ, ടിഗ് ആന്റ് മിഗ്, ഡിപ്ലോമ ഇൻ ഫയർ ആന്റ് സേഫ്റ്റി, ഡിപ്ലോമ ഇൻ ഓയിൽ ആന്റ് ഗ്യാസ് ടെക്നോളജി എന്നീ കോഴ്സുകളിൽലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 7560865447, 8301098705.

### ലേലം/ ടെണ്ടർ

**കണ്ണൂർ:** കണ്ണൂർ ഗവ.ആയുർവേദ കോളേജിനോടനുബന്ധിച്ച സെൻട്രൽ റിസർച്ച് ലബോറട്ടറി കെട്ടിടം സ്ഥാപിക്കുന്ന സ്ഥലത്തെ 11 ഗുൽമോഹർ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ടെണ്ടർ ക്ഷണിച്ചു. ജൂൺ ആറിന് വൈകിട്ട് മൂന്ന് മണി വരെ ടെണ്ടർ സ്വീകരിക്കും. ഫോൺ: 0497 2800167.

### തൊഴിലവസരം

സർക്കാരിന്റെ കൈത്തറി പരിപോഷണ പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിക്കണ്ണൂർ ടെക്സ്റ്റൈൽസ് ഡിസൈനർമാർക്ക് തൊഴിലവസരമൊരുക്കുന്നു. യോഗ്യത: നിഫ്റ്റ്/എൻ ഐ ഡി കളിൽ നിന്ന് ടെക്സ്റ്റൈൽ ഡിസൈനിങ് അല്ലെങ്കിൽ ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽ ടെക്നോളജി ഡിഗ്രി/ഡിപ്ലോമ. മൂന്ന് അഞ്ച് വർഷം ടെക്സ്റ്റൈൽ ഡിസൈനിങ്ങിൽ പ്രവൃത്തിപരിചയം അഭികാമ്യം.

അപേക്ഷ ജൂൺ 10ന് വൈകിട്ട് അഞ്ച് മണിക്കകം സമർപ്പിക്കണം. അപേക്ഷ അയക്കുന്ന കവറിന് പുറത്ത് ടെക്സ്റ്റൈൽ ഡിസൈനർക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം. ഫോൺ: 04972835390. ഇ മെയിൽ : info@iihtkannur.ac.in. sh_vsskäv: www.iihtkannur.ac.in.

## ഇനി ഓൺലൈനിൽ സംസ്കൃതം പഠിക്കാം മെയ് 31 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്കൃത ഭാഷയെ ജനകീയമാക്കുന്നതിന്റെ ഭാഗമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ ഓൺലൈൻ ലേണിംഗിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബേസിക് സാൻസ്ക്രിറ്റ് കോഴ്സ് ഇൻ മലയാളം ഓൺലൈൻ കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. പ്രായപരിധിയില്ല. മലയാളത്തിൽ എഴുതാനും വായിക്കാനും കഴിയുന്നവർക്ക് അപേക്ഷിക്കാം. കോഴ്സിന്റെ ദൈർഘ്യം 14 ആഴ്ച. 20മണിക്കൂർ ക്ലാസുണ്ടായിരിക്കും. കോഴ്സ് ഫീസ് രണ്ടായിരം രൂപ. ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in/scol സന്ദർശക്കുക.

## കേരളത്തെ മദ്യപ്രളയത്തിൽ മുക്കരുത്:പ്രൊ ലൈഫ്

**കൊച്ചി:** മനുഷ്യ ജീവന്റെ സംരക്ഷണത്തിനു വിരുദ്ധമായ സംസ്ഥാന സർക്കാരിന്റെ മദ്യനയം കേരളത്തെ മദ്യപ്രളയത്തിൽ മുക്കുവാനിടയാക്കുമെന്ന് സീറോ മലബാർ സഭയുടെ പ്രൊ ലൈഫ് അപ്പോസ്തലെറ്റ്.

വർഷങ്ങളായി നടപ്പാക്കിവരുന്ന മാസത്തിന്റെ ആദ്യദിനത്തിലെ 'ഡ്രൈ ഡേ ' സംവിധാനം എടുത്തു കളയാനുള്ള ശിപാർശ പുനഃപരിശോധിക്കണമെന്നും അപ്പോസ്തലേറ്റ് സെക്രട്ടറി സാബു ജോസ് ആവശ്യപ്പെട്ടു.

മദ്യലഭ്യത കുറച്ചുകൊണ്ട് ലഹരിവിമുക്ത സംസ്ഥാനം സൃഷ്ടിക്കുമെന്ന് ഉറപ്പുനൽകി അധികാരത്തിലെത്തിയവർ മദ്യവിതരണം വ്യാപകമാക്കുവാനെന്ന് സംശയം ജനിപ്പിക്കുന്നവിധം ഐ ടി പാർക്കുകളിലും ടുറിസം കേന്ദ്രങ്ങളിലും വിപണന സംവിധാനം ഏർപ്പെടുത്തുന്നതും ജനക്ഷേമലക്ഷ്യമാക്കുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു.

## കുന്നറ പാർക്ക് ഇനി വായനയുടെ ലോകം



**കൊച്ചി:** യുവാക്കളുടെ വായന കൂട്ടായ്മയായ 'കൊച്ചി റീഡ്സും' ആർട്സ് സ്പേസ് കൊച്ചിയും (ആസ്ക്) സഹകരിച്ച് നടത്തുന്ന വായന കൂട്ടായ്മ ഇന്നലെ (2024 മെയ് 26 ഞായറാഴ്ച) വൈറ്റില കുന്നറ പാർക്കിൽ വച്ച് നടത്തി. യുവാക്കളുടെ ഇടയിൽ വായന പ്രോത്സാഹിപ്പിക്കുക നഗരത്തിലെ പൊതുവിടങ്ങൾ കൂടുതൽ സജീവമാക്കുക എന്ന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പരിപാടി നടത്തിയത്.

ആളുകൾക്ക് അവരുടെ ഇഷ്ടപുസ്തകം കൊണ്ടുവന്ന് പാർക്കിൽ ഇരുന്ന് വായിക്കാനുള്ള ഒരു അവസരമാണ് വായന കൂട്ടായ്മയുടെ ഭാഗമായി ഒരുക്കുന്നത്. താല്പര്യമുള്ള ആർക്കും പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. ഇനിമുതൽഎല്ലാ ഞായറാഴ്ചകളിലും വായന കൂട്ടായ്മ ഉണ്ടായിരിക്കുന്നതാണ്.

## ഐസിഐസിഐ പ്രൂ പ്ലാറ്റിനം പദ്ധതി പുറത്തിറക്കി

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ആദ്യത്തെ യൂണിറ്റ്ലിങ്ക്ഡ് പദ്ധതി ഐസിഐസിഐ പ്രൂ പ്ലാറ്റിനം പുറത്തിറക്കി. മുഴുവൻ പോളിസി കാലയളവിലും നിക്ഷേപം തുടരാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് ഐസിഐസിഐ പ്രൂ പ്ലാറ്റിനം വിതരണക്കാർക്ക് പ്രതിഫലം നൽകും. ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് കെട്ടിപ്പടുക്കുന്നതിന് ഉപഭോക്താക്കൾക്ക് കാര്യക്ഷമമായ മാർഗവും ഈ പോളിസി വാഗ്ദാനം ചെയ്യുന്നു.

ഉപഭോക്താക്കൾക്ക് പ്രൂ പ്ലാറ്റിനത്തിന് കീഴിൽ 13 ഇക്വിറ്റികളും ഡെബ്റ്റ്, ബാലൻസ്ഡ് വിഭാഗങ്ങളിൽ നാല് വീതം ഉൾപ്പെടുന്ന 21 ഫണ്ടുകളും തിരഞ്ഞെടുക്കാം. കൂടാതെ നാല് പോർട്ട്ഫോളിയോ സ്ട്രാറ്റജികളുടെ ഒരു ഓപ്ഷനും പ്രൂ പ്ലാറ്റിനം ലഭ്യമാക്കുന്നു. രണ്ട് ലൈഫ് കവർ വകഭേദങ്ങാണ് ഐസിഐസിഐ പ്രൂ പ്ലാറ്റിനത്തിനുള്ളത്. ഗ്രോത്ത് പ്ലസ് വകഭേദത്തിൽ നോമിനിക്ക് സം അഷേർഡ് അല്ലെങ്കിൽ ഫണ്ട് മൂല്യം ഇതിൽ ഏതാണോ ഉയർന്നത് അത് സ്വീകരിക്കാൻ അർഹതയുണ്ടാവും. പ്രൊട്ടക്റ്റ് പ്ലസ് വകഭേദത്തിൽ നോമിനിക്ക് സം അഷേർഡും ഫണ്ട് മൂല്യവും ലഭിക്കും.

# ഇന്റർവെൻഷണൽ ശ്വാസകോശ രോഗ വിദഗ്ദ്ധരുടെ ദേശീയ സമ്മേളനത്തിന് തുടക്കം



**കൊച്ചി:** അനുകമ്പയും സഹാനുഭൂതിയും വിസ്മയങ്ങൾ സൃഷ്ടിക്കുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. മറ്റുള്ളവരുടെ വേദന തിരിച്ചറിയാനാകണം. മനുഷ്യരാശിക്ക് ഗുണകരമാകുമ്പോഴാണ് ഏത് നൂതന സംവിധാനവും അർഥവത്താകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇന്റർവെൻഷണൽ പൾമണോളജിയുടെ 26ാമത് ദേശീയ സമ്മേളനം 'ബ്രോങ്കോകോൺ കൊച്ചി2024' ഹോട്ടൽ ലെ മെറിഡിയനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മെഡിക്കൽ ഉപകരണങ്ങളുടെ വില ചികിത്സാ ചെലവുകൾ വർധിക്കാൻ ഇടയാക്കുന്നുണ്ടെങ്കിലും ഡോക്ടർമാരുടെ സഹാനുഭൂതി സാധാരണക്കാരായ രോഗികൾക്ക് വലിയ ആശ്വാസം പകരുമെന്നും ഗവർണർ പറഞ്ഞു. ഡോക്ടർമാരുടെ അറിവും പരിജ്ഞാനവും പ്രൊഫഷണലിസവും മാനവരാശിയുടെ നൻമയ്ക്ക് വേണ്ടി വിനിയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ആധുനിക മെഡിക്കൽ ചികിത്സാ സൗകര്യങ്ങൾ സാധാരണക്കാർക്കും ലഭ്യമാകണമെങ്കിൽ മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യയിൽ തന്നെ നിർമിക്കാൻ കഴിയണമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മേൽ പറഞ്ഞു. ചന്ദ്രയാൻ സാധ്യമാക്കാമെങ്കിൽ ഇതും സാധ്യമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യൻ അസോസിയേഷൻ ഫോർ ബ്രോങ്കോളജിയാണ് ത്രിദിന സമ്മേളനം സംഘടിപ്പിക്കുന്നത്. അക്കാദമി ഓഫ് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിൻ (എ.പി.സി.സി.എം), കൊച്ചിൻ തൊറാസിക് സൊസൈറ്റി (സി.ടി.എസ്) എന്നിവയുടെ സജീവ പങ്കാളിത്തവുമുണ്ട്.

കോവിഡ്19 ദീർഘകാല ശ്വാസകോശ സംബന്ധമായ സങ്കീർണതകൾ സൃഷ്ടിച്ച സാഹചര്യത്തിൽ, പുതിയ ചികിത്സാ രീതികളും സാങ്കേതിക വിദ്യകളുമായി പൾമനോളജി ഏറെ വികസിച്ചു. ഇന്റർവെൻഷൻ, ദൃശ്യ സങ്കേതിക വിദ്യകളിലൂടെ ശ്വാസകോശ രോഗനിർണ്ണയം, ചികിത്സ എന്നീ മേഖലകളിൽ അസാധാരണമായ കൃത്യതയും, ശ്രദ്ധേയമായ മുന്നേറ്റവുമാണ് ഉണ്ടായിട്ടുള്ളതെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ. നാസർ യൂസഫ് പറഞ്ഞു.

ശ്വാസകോശത്തിന്റെയും, അറകളുടെയും സങ്കീർണ്ണതകളും, രോഗാവസ്ഥകളും ചിത്രീകരിക്കുന്ന ഉന്നത സാങ്കേതിക വിദ്യകളാണ് ബ്രോങ്കോസ്കോപ്പി, എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട് (ഇ.ബി.യു.എസ്), തോറാക്കോസ്കോപ്പി എന്നിവ. ഇവ സമുന്വയിക്കുമ്പോൾ ശ്വാസകോശ അർബുദമടക്കമുള്ള രോഗനിർണ്ണയങ്ങളിൽ സമാനതകളില്ലാത്ത കൃത്യതയാണ് കൈവരിക്കാൻ സാധിക്കുന്നത്. ഇതിനുപുറമെ ഇന്റർവെൻഷൻ ശസ്ത്രക്രിയാ രീതികളിൽ റോബോട്ടിക്സ് സാങ്കേതിക വിദ്യ കൂടി ചേരുമ്പോൾ സങ്കീർണ്ണമായ കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കും, ഡോ. നാസർ യൂസഫ് പറഞ്ഞു.

കീറി മുറിക്കൽ ഇല്ലാത്ത ശ്വാസകോശ നെഞ്ചിനുള്ളിലേക്ക് ചെറിയ ക്യാമറ കടത്തി ശ്വാസകോശത്തിന് പുറം ഭാഗം പരിശോധിച്ച് കീ ഹോൾ ശസ്ത്രകിയകൾ സാധ്യമാക്കുന്ന മെഡിക്കൽ സാങ്കേതിക വിദ്യയായ തോറാക്കോസ്കോപ്പി ശ്വാസകോശ ശസ്ത്രക്രിയയിലെ വിപ്ലവമാണെന്ന് സീനിയർ പൾമണോളജിസ്റ്റ് ഡോ. പരമേശ്.എ.ആർ പറഞ്ഞു,

ശ്വാസകോശ ബയോപ്സി, പ്ലൂറൽ ബയോപ്സി, പ്ലൂറോഡെസിസ്, ശ്വാസകോശ അളവ് കുറയ്ക്കൽ ശസ്ത്രക്രിയ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന ശസ്ത്രക്രിയാ നടപടിക്രമങ്ങളിൽ തോറാക്കോസ്കോപ്പിയുടെ പങ്ക് ഓർഗനൈസിങ് സെക്രട്ടറി ഡോ. അഖിലേഷ് കെ വിശദീകരിച്ചു.

ശ്വാസനാളത്തിലെ തടസ്സങ്ങൾ നീക്കുന്ന ശ്വാസനാള സ്റ്റെന്റിംങ്ങും സ്വയംവികസിക്കുന്ന മെറ്റാലിക് സ്റ്റെന്റുകളുടെയും ബയോഡീഗ്രേഡബിൾ സ്റ്റെന്റുകളുടെയും പ്രയോഗവും സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. റെന്നിസ് ഡേവിസ് വിശദീകരിച്ചു.

കെയുഎച്ച്എസ് വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ മുഖ്യപ്രഭാഷണം നടത്തി. ഓർഗനൈസിങ് ചെയർമാൻ ഡോ.നാസർ യൂസഫ്, ഓർഗനൈസിങ് സെക്രട്ടറി ഡോ. അഖിലേഷ് കെ, ഡോ. പരമേസ് എ.ആർ, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. റെന്നിസ് ഡേവിസ്, വർക്ക്ഷോപ്പ് കമ്മിറ്റി ചെയർമാൻ ഡോ. പ്രവീൺ വത്സലൻ, ഡോ.ഡേവിസ് പോൾ, ഡോ.അമിതാ നെനെ, ഡോ.ആർ.പി. മീന എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

സമ്മേളനത്തിന് മുന്നോടിയായി വെള്ളിയാഴ്ച ആറ് സുപ്രധാന ശിൽപശാലകൾ നടന്നു.

ബ്രോങ്കോസ്കോപ്പി, തൊറാക്കോസ്കോപ്പി, എയർവേ ഡിസോർഡേഴ്സ്, ട്യൂമർ അബ്ലേഷൻ, നാവിഗേഷണൽ ബ്രോങ്കോസ്കോപ്പി, എയർവേ സ്റ്റെന്റുകൾ, എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട്, ശ്വാസകോശം മാറ്റിവയ്ക്കൽ, തുടങ്ങിയ ചികിത്സാ രീതികളിൽ മൂന്ന് സമാന്തര വേദികളിലായി ശാസ്ത്ര സെഷനുകളും സെമിനാറുകളും നടക്കുന്നുണ്ട്.

# ലെ ഗ്രാൻഡ് പിക്സ് പുരസ്കാരം ഓൾ വീ ഇമാജിൻ ആസ് ലൈറ്റിന്

**കൊച്ചി:** കാൻ ഫിലിം ഫെസ്റ്റിവലിലെ ലെ ഗ്രാൻഡ് പിക്സ് പുരസ്കാരം കരസ്ഥമാക്കി പായൽ കപാഡിയ സംവിധാനം ചെയ്ത ഇന്ത്യൻ ചിത്രം 'ഓൾ വീ ഇമാജിൻ ആസ് ലൈറ്റ്'. ആദ്യമായാണ് ഒരു ഇന്ത്യൻ വനിതയുടെ ചിത്രം കാൻ ഫിലിം ഫെസ്റ്റിവലിൽ മത്സരിക്കുന്നത്. ഈ ചരിത്ര നേട്ടത്തിൽ ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന നിമിഷം കൂടിയാണ്. മലയാളത്തിൽ നിന്നുള്ള അഭിനേതാക്കളായ കനി കുസൃതി, ദിവ്യ പ്രഭാ, ഹ്രിദ്ധു ഹാറൂൺ, അസീസ് നെടുമങ്ങാട് എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മുപ്പത് വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ ചിത്രം കാൻ ഫിലിം ഫെസ്റ്റിവലിൽ മത്സരിക്കുന്നതും ബഹുമതി കരസ്ഥമാക്കുന്നതും. ഫ്രഞ്ച് ആസ്ഥാനമായുള്ള കമ്പനിയായ പെറ്റിറ്റ് ചാവോസിലൂടെ തോമസ് ഹക്കിമും ജൂലിയൻ ഗ്രാഫും ചേർന്നാണ് ചിത്രം നിർമ്മിച്ചത്. കോ പ്രൊഡ്യൂസേഴ്സ് ഇന്ത്യൻ കമ്പനികളായ ചോക്ക് & ചീസ് ഫിലിംസ്, അനദർ ബർത്ത് എന്നിവയും അതുപോലെ തന്നെ നെതർലാൻഡിലെ ബാൽദർ ഫിലിം, ലക്സംബർഗിലെ ലെസ് ഫിലിംസ് ഫൗവ്സ്, ഇറ്റലി എന്നിവരാണ്. ഇരുപത്തിയഞ്ച് ദിവസങ്ങളിലായി മുംബൈയിൽ ചിത്രീകരണം പൂർത്തിയാക്കിയ ശേഷം രത്നഗിരിയിൽ ആണ് ഓൾ വീ ഇമാജിൻ ആസ് ലൈഫിന്റെ പതിനഞ്ച് ദിവസത്തെ ചിത്രീകരണം നടന്നത്. രണബീർ ദാസ് ആണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്. എഡിറ്റിങ് : ക്ലെമന്റ് പിൻക്സ്, സംഗീതം : തോപ്ഷേ, പി ആർ ഓ : പ്രതീഷ് ശേഖർ.



# കൊൽക്കത്ത ഐപിഎൽ ചാംപ്യൻമാർ

**ചെന്നൈ:** സിറ്റി ഓഫ് ജോയ് എന്നാണ് കോൽക്കത്തയുടെ വിളിപ്പേര്. ഐപിഎൽ ഫൈനൽ രാത്രിയിൽ കോൽക്കത്ത അക്ഷരാർഥത്തിൽ ആനന്ദത്തിൻറെ നഗരം തന്നെയായി കോൽക്കത്ത നൈറ്റ് റൈഡേഴ്സ് മൂന്നാം വട്ടം ഐപിഎൽ ചാംപ്യൻമാരായി.

ഈ ടൂർണമെൻറിൻറെയെന്നല്ല, ടി20 ക്രിക്കറ്റിൻറെ തന്നെ ഗതി മാറ്റിയെഴുതിയ ബാറ്റിങ് വെടിക്കെട്ടുകൾ കാഴ്ചവച്ച സൺറൈസേഴ്സ് ഹൈദരാബാദിൻറെ മാരക വിസ്ഫോടന ശേഷി കോൽക്കത്തയുടെ ഉജ്വല ബൗളിങ് പ്രകടനത്തിനു മുന്നിൽ നനഞ്ഞ പടക്കമാകുന്നതിനാണ് ചെന്നൈയിൽ തിങ്ങിനിറഞ്ഞ കാണികൾ സാക്ഷ്യം വഹിച്ചത്.

ഫൈനലിൽ ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത സൺറൈസേഴ്സ് ഹൈദരാബാദ് ക്യാപ്റ്റൻ പാറ്റ് കമ്മിൻസിൻറെ തീരുമാനം തുടക്കത്തിലേ പിഴച്ചു. 18.3 ഓവറിൽ ടീം 113 റൺസിന് ഓൾഔട്ടായി. വെറും 10.3 ഓവറിൽ രണ്ട് വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി കെകെആർ ലക്ഷ്യം നേടുകയും ചെയ്തു.

ബാറ്റിങ് ദുഷ്കരമായ പിച്ചൊന്നുമല്ലെന്ന് കെകെആർ ബാറ്റർമാർ തുടക്കത്തിൽ തന്നെ തെളിയിച്ചു. റഹ്മാനുള്ള ഗുർബാസ് ശ്രദ്ധയോടെ തുടങ്ങി. സുനിൽ നരെയ്ൻ നേരിട്ട ആദ്യ പന്തിൽ സിക്സറടിച്ച് രണ്ടാം പന്തിൽ പുറത്തായി. പക്ഷേ, തുടർന്നെത്തിയ വെങ്കടേശ് അയ്യർ സൺറൈസേഴ്സിൻറെ ബാറ്റിങ് വെടിക്കെട്ടുകളെ അതിശയിക്കുന്ന പ്രകടനമാണ് പുറത്തെടുത്തത്. പവർ പ്ലേ പിന്നിടുമ്പോൾ തന്നെ കളി വെങ്കടേശ് കളി കൈയിലെടുത്തു കഴിഞ്ഞിരുന്നു.

32 പന്തിൽ 39 റൺസെടുത്ത ഗുർബാസ് ബോൾ ട്രാക്കിങ്ങിൻറെ അഭാവത്തിൽ എൽബിഡബ്ല്യു വിധിക്കപ്പെട്ട് പുറത്തായെങ്കിലും, അപ്പോൾ ജയിക്കാൻ 12 റൺസ് മാത്രമാണ് വേണ്ടിയിരുന്നത്. ക്യാപ്റ്റൻ ശ്രേയസ് അയ്യർക്കൊപ്പം (6 നോട്ടൗട്ട്) ആ ചടങ്ങ് പൂർത്തിയാക്കുമ്പോൾ വെങ്കടേശ് 26 പന്തിൽ 52 റൺസുമായി പുറത്താകാതെ നിന്നു.

ഒമ്പതാം നമ്പറിൽ ബാറ്റ് ചെയ്ത് 24 റൺസെടുത്ത കമ്മിൻസാണ് എസ്ആർഎച്ചിൻറെ ടോസ് സ്കോറർ. കെകെആറിനു വേണ്ടി ആന്ദ്രെ റസൽ 19 റൺസിന് മൂന്ന് വിക്കറ്റ് വീഴ്ത്തി. 2.3 ഓവറിൽ 19 റൺസാണ് റസൽ വിട്ടുകൊടുത്തത്.

മിച്ചൽ സ്റ്റാർക്ക് മൂന്നോവറിൽ 14 റൺസിനും, ഹർഷിത് റാണ നാലോവറിൽ 24 റൺസിനും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. വൈഭവ് അറോറ, സുനിൽ നരെയ്ൻ, വരുൺ ചക്രവർത്തി എന്നിവർ ഓരോ വിക്കറ്റും നേടിയപ്പോൾ, കെകെആർ ഉപയോഗിച്ച ആറു ബൗളർമാർക്കും വിക്കറ്റ് കിട്ടി. തുടക്കത്തിൽ മിച്ചൽ സ്റ്റാർക്കും വൈഭവ് അറോറയും ഉജ്വലമായ സ്വിങ് ബൗളിങ് കാഴ്ചവച്ചപ്പോൾ അഭിഷേക് ശർമയ്ക്കും (2) ട്രാവിസ് ഹെഡിനും (0) മറുപടിയുണ്ടായില്ല. പിന്നാലെ രാഹുൽ ത്രിപാഠിയെക്കൂടി (9) സ്റ്റാർക്ക് മടക്കിയതോടെ കളിയുടെ ഗതി വ്യക്തമായിരുന്നു.

എയ്ഡൻ മാർക്രം (20), നിതീഷ് കുമാർ റെഡ്ഡി (13), ഹെൻറിച്ച് ക്ലാസൻ (16) എന്നിവരുടെ ചെറുത്തുനിൽപ്പും കോൽക്കത്ത ബൗളർമാരുടെ ക്ലാസിനു മുന്നിൽ വിലപ്പോയില്ല.

## ഹരിത കേരളം മിഷൻ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവത്തിനു തുടക്കം

**തിരുവനന്തപുരം:** ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവത്തിന് ആവേശകരമായ തുടക്കം. നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്  സൗമ്യ, വൈസ് പ്രസിഡന്റ് അനസ് ഇബ്രാഹിം, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേർസൺ ഷാജി സി.ഡി എന്നിവരുടെ സാന്നിധ്യത്തിൽ 14 ജില്ലകളിൽ നിന്നും എത്തിയ കുട്ടികൾ പരിസ്ഥിതി സൗഹൃദ ചിത്രരചനയോടെ പഠനോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് വിദ്യാർഥികൾ അനുഭവങ്ങൾ പങ്കുവെച്ചു. പ്രത്യേകം സ്ഥാപിച്ച ബോർഡുകളിൽ മരങ്ങൾ, പക്ഷികൾ, പൂക്കൾ, നദികൾ തുടങ്ങി പ്രകൃതിയോട് ഇണങ്ങിയ വിവിധ ചിത്രങ്ങൾ വരച്ചും സന്ദേശങ്ങൾ എഴുതിയും വിദ്യാർഥികൾ തന്നെ പഠനോത്സവം ഉദ്ഘാടനം ചെയ്തത് കൗതുക കാഴ്ചയായി. മിഷന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ജില്ലാതല ക്വിസ് മത്സരങ്ങളിൽ വിജയികളായ 60 ഓളം കുട്ടികളാണ് മൂന്നുദിവസത്തെ ക്യാമ്പിന്റെ ഭാഗമാകുന്നത്. ലോക ജൈവവൈവിധ്യ ദിനചാരണത്തോടനുബന്ധിച്ചു അടിമാലിയിലും മൂന്നാറിലുമായിട്ടാണ് പഠനോത്സവം സംഘടിപ്പിക്കുന്നത്.

പരിസ്ഥിതി ഗവേഷകൻ ഡോ.സുജിത് വി ഗോപാലൻ, അലൻ, ആദർശ്, അജയ്,  നവകേരളംകർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി പി സുധാകരൻ, പ്രോഗ്രാം ഓഫീസർ സതീഷ് ആർ വി, ഹരിത കേരളം മിഷൻ പ്രൊജക്റ്റ് കോർഡിനേറ്റർ ലിജി മേരി ജോർജ്, പ്രോഗ്രാം അസോസിയേറ്റ്  കാർത്തിക എസ്, ജിഷ്ണു എം, ജില്ലാ കോർഡിനേറ്റർമാർ, ഹരിത കേരള മിഷൻ യങ് പ്രൊഫഷണലുകൾ, ഇന്റേൺഷിപ് ട്രെയിനികൾ തുടങ്ങിയവർ ക്യാമ്പ് നയിക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

## ജൂൺ മൂന്നിന് വിദ്യാലയങ്ങൾ തുറക്കും, ഒരുക്കങ്ങൾ അന്തിമഘട്ടത്തിൽ

**തിരുവനന്തപുരം:** മധ്യവേനലവധിക്ക് ശേഷം ജൂൺ മൂന്നിന് വിദ്യാലയങ്ങൾ തുറക്കും.മുന്നോടിയായി  ജില്ലഉപജില്ല വിദ്യഭ്യാസ ഓഫീസർമാരുടെ യോഗം വിളിച്ച ചേർത്ത് വിദ്യാലയങ്ങളുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ എന്നതിൽ  പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചതായി ജില്ല വിദ്യഭ്യാസ ഉപഡയറക്ടർ പി.വി മനോജ് അറിയിച്ചു. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വിദ്യാർത്ഥി സൗഹൃദവിദ്യാലയ അന്തരിക്ഷം രൂപപ്പെടുത്താനും ആവശ്യമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കാനാണ് നിർദ്ദേശം. ജില്ലാതലപ്രവേശനോത്സവം ജൂൺ മൂന്നിന്  നടക്കും.സബ്ജില്ലാതലപ്രവേശനോത്സവവും സ്ക്കൂൾതലപ്രവേശനോത്സവവും പ്രത്യേകമായി നടക്കും.